(ബി) അനുമതി ലഭിക്കുന്നതിനായി ഏതു സാഹചര്യത്തിലാണ് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (കെ.സി.ഇസഡ്.എം. എ.) മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടി വരുന്നതെന്ന് വിശദീകരിക്കാമോ ;

(സി) ഗ്രാമപഞ്ചായത്ത് തലത്തിൽനിന്നും വ്യത്യസ്തമായി എന്തെല്ലാം കാര്യങ്ങളാണ് അനുമതി നൽകുന്നതിനായി കെ.സി.ഇസഡ്. എം. എ. പരിഗണിക്കാറുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 26(4) പ്രകാരം കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ തടസ്സരാഹിത്യ പത്രം ലഭിക്കുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ കൂടി പരിഗണിച്ചാണ് തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ അനുമതി നൽകുന്നത്.

(ബി&സി) 2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം CRZ പ്രദേശങ്ങളിൽ നിർമ്മാണങ്ങൾ നടത്തുന്നതിന് KCZMA യ്ക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനംവഴി അപേക്ഷ സമർപ്പിച്ച് അനുമതി തേടേണ്ടതാണ്. അത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ 26-1-2013-ലെ 1722/എ 2/2012/ശാ.സാ.വ. നമ്പർ സർക്കുലർ പ്രകാരവും 16-11-2013-ലെ 1779/എ 2/2012/ശാ.സാ.വ. സർക്കുലർ പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ കാർഷിക മേഖലയിൽ ചെലവാക്കിയ തുക

236 (1608) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

കഴിഞ്ഞ നാലു വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ കാർഷിക മേഖലയിൽ എത്ര തുക ചെലവാക്കിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ കാർഷിക മേഖലയിൽ കഴിഞ്ഞ നാലു വർഷങ്ങളിൽ ചെലവാക്കിയ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

വർഷം	രൂപ (ലക്ഷത്തിൽ)
2011-12	27631.11
2012-13	9622.28
2013-14	13831.44
2014-15	15002.85

LIBRARY ARCHIVES Kerala Legislative Assembly